# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3945 — 31-01-2014-ൽ മറുപടിക്ക്.

### വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ പദ്ധതിക്ക് ആദ്യഘട്ടത്തിൽ പദ്ധതിയിട്ടിരുന്ന അത്രയും കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിന് സാദ്ധ്യമായിട്ടുണ്ടോ; | (എ) ഇല്ല. വല്ലാർപാടം ഇന്റർ നാഷണൽ കണ്ടെയ്നർ ടെർമിനലിന്റെ (ICTT) ആദ്യ ഘട്ടത്തിന്റെ ഡിസൈൻഡ് കപ്പാസിറ്റി ഒരു വർഷത്തിൽ 1 മില്ല്യൺ TEUS ആയിരുന്നു. എന്നാൽ നിലവിൽ ഇതിന്റെ 35% മാത്രമാണ് പ്രവർത്തനം നടക്കുന്നത്. |
| (ബി) വല്ലാർപാടത്ത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രധാന പ്രതിസന്ധിയെന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ ലക്ഷ്യം കൈവരിക്കുന്നതിന് നേരിടുന്ന പ്രധാന പ്രതിസന്ധികൾ താഴെ പറയുന്നവയാണ്.<br>i) വേണ്ടത്ര feedering ഇല്ലാത്തത് മൂലം transshipment ൽ ഉണ്ടായിട്ടുള്ള കുറവ്.<br>ii) പ്രധാന ലോജിസ്റ്റിക്സ് മാർക്കറ്റുകളിലേക്കുള്ള സെയിലിംഗിന്റെ അപര്യാപ്തത.<br>iii) ICTT - യിലേക്കുള്ള ചിലവേറിയ റോഡ് ഗതാഗതം.<br>iv) ഹബ്ബിംഗിനായി കൊളംബോയ്ക്ക് പകരം ICTT ലേയ്ക്ക് വരുന്നതിന് മേജർ ഷിപ്പിംഗ് കമ്പനികൾക്കുള്ള എതിർപ്പ്.<br>v) തെക്കേ ഇന്ത്യയിലെ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും ICTT - യിലേക്കുള്ള റെയിൽ ഗതാഗതത്തിന്റെ അപര്യാപ്തത. |
| (സി) കബോട്ടാഷ് നിയമം മാറ്റുന്നതിലെ കാലതാമസം കണ്ടെയ്നർ ടെർമിനലിന്റെ പുരോഗതിക്ക് തടസ്സമായിട്ടുണ്ടോ; | (സി) ഉണ്ട്. കാബോട്ടാഷ് നിയമത്തിൽ ഇളവുവരുത്തുന്നതിനുണ്ടായ കാലതാമസം കണ്ടെയ്നർ മാർക്കറ്റ് സജീവമായിരുന്ന ICTT യുടെ പ്രാരംഭ |

ഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് മങ്ങലേൽപ്പിച്ചു.

(ഡി) ടെർമിനലിന്റെ പൂർണ്ണ സംഭരണശേഷി കൈവരിക്കാനായില്ലെങ്കിൽ സംഭരണ സംവിധാനം മറ്റ് കമ്പനികൾക്ക് പാട്ടത്തിന് കൊടുക്കാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ടെർമിനലിന്റെ സംഭരണ സംവിധാനം മറ്റാർക്കെങ്കിലും പാട്ടത്തിന് കൊടുക്കുന്നതിനുള്ള നീക്കം നിലവിലില്ല.

(ഇ) എങ്കിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

(ഇ) വല്ലാർപാടം ICTT - യുടെ ശേഷി മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

i) മെയിൻ ലൈൻ വെസ്സൽസിന്റെ വെസ്സൽ റിലേറ്റഡ് ചാർജ്ജുകൾ ഇളവുവരുത്തി, ICTT - യുമായി മൽസരിക്കുന്ന കൊളംബോ പോർട്ടിന്റെ നിരക്കുമായി തുല്യത കൈവരിച്ച് അതിലൂടെ കപ്പലുകളെ transshipment - നായി ICTT - യിലേക്ക് ആകർഷിയ്ക്കുവാനുള്ള നടപടികൾ കൊച്ചി തുറമുഖം സ്വീകരിച്ചു വരുന്നു.

ii) വെസ്സൽ റിലേറ്റഡ് ചാർജ്ജുകളിൽ ഇളവ് നൽകുകവഴി ഇന്ത്യയുടെ കിഴക്ക് പടിഞ്ഞാറ് തീരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള കോസ്റ്റൽ ഷിപ്പിംഗ് വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ കൊച്ചി തുറമുഖം കൈക്കൊണ്ടിട്ടുണ്ട്.

iii) ICTT യിൽ നിന്നും യൂറോപ്പ്, ചൈന എന്നീ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിനായി കൂടുതൽ ഷിപ്പിംഗ് കമ്പനികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ കൊച്ചി തുറമുഖം സ്വീകരിച്ചു വരുന്നു.

iv) കേരള സർക്കാരിന്റെയും കൊച്ചി തുറമുഖത്തിന്റെയും അഭ്യർത്ഥന മാനിച്ച് ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ICTT - യിൽ നിന്നുള്ള സർവ്വീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ